യു.എൻ സമാധാന സേന അന്താരാഷ്ട്ര ദിനം

ഐക്യരാഷ്ട്രസഭയുടെ ആദ്യത്തെ സമാധാന ദൗത്യമായ 'യു.എൻ ട്രൂസ് സൂപ്പർവിഷൻ ഓർഗനൈസേഷൻ (യു.എൻ.ടി.എസ്.ഒ) ഫലസ്തീനിൽ പ്രവർത്തനം ആരംഭിച്ചത് 1948 മേയ് 29ന്. യു.എൻ സമാധാന സേനയുടെ 75ാമത് അന്താരാഷ്ട്ര ദിനമായി ഈ ദിനം ആചരിക്കുന്നു. യു.എൻ സമാധാന ദൗത്യങ്ങളിൽ സേവനമനുഷ്ഠിച്ചവർക്കുള്ള സ്മരണാഞ്ജലിയായി ഈ ദിനം ആചരിക്കുന്നു.

നാട്ടുവിശേഷം

അനുമോദിച്ചു

മേൽപറമ്പ്: ചന്ദ്രഗിരി ഹൈസ്കൂളിലെ പൂർവ വിദ്യാർഥി സംഘടനയായ 'ഹാജർ 96'ന്റെ ആഭിമുഖ്യത്തിൽ സംഘടനയിലെ രക്ഷിതാക്കളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ വിജയിച്ച വിദ്യാർഥികളെ അനുമോദിച്ചു. ഇടുവുങ്കൽ അവിട്ടം ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ മോട്ടിവേഷൻ സ്പീക്കർ പുഷ്പാകരൻ ബെണ്ടിച്ചാൽ ക്ലാസെടുത്തു. ഹമീദ് മാണി അധ്യക്ഷത വഹിച്ചു. അനീഷ് മാങ്ങാട് സംസാരിച്ചു. സുജിത്ത് ചാത്തംകൈ സ്വാഗതവും കമൽ കീഴൂർ നന്ദിയും പറഞ്ഞു.

അധ്യാപക ഒഴിവ്

മേൽപറമ്പ: ചന്ദ്രഗിരി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇംഗ്ലീഷ്, ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ജിയോളജി എന്നീ വിഷയങ്ങളിലേക്ക് താൽക്കാലിക അധ്യാപക നിയമനം നടത്തുന്നു. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ സഹിതം മേയ് 30ന് രാവിലെ 10.30ന് ഓഫിസിൽ ഹാജരാകണം. ഫോൺ 9846342780

ജി. വി. എച്ച്.എസ്.എസ് ഹേരൂർ മീപ്പിരി സ്കൂളിൽ യു.പി.എസ്.ടി. (മലയാളം-മൂന്ന് ഒഴിവുകൾ), ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി. ഒന്ന്), എച്ച്.എസ്.ടി. മാത്സ് (മലയാളം-ഒന്ന്), എച്ച്.എസ്.ടി നാച്വറൽ സയൻസ്(മലയാളം) എന്നീ ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി മേയ് 30ന് രാവിലെ 10.30ന് അഭിമുഖത്തിന് ഹാജരാകണം.

ഉപ്പള കുർച്ചിപ്പള്ള ഗവ. ഹിന്ദുസ്ഥാനി യു.പി. സ്കൂളിൽ യു.പി.എസ്.എ മലയാളം (രണ്ട്), കന്നട (രണ്ട് , അറബിക് (ഒന്ന്) ഒഴിവുകളുണ്ട്. അഭിമുഖം 30ന് രാവിലെ 10ന്. ഫോൺ: 9446371115.

നായന്മാർമൂല തൻബീഹുൽ ഇസ് ലാം ഹയർ സെക്കൻഡറി സ്കൂളിൽ ഹിന്ദി അധ്യാപകന്റെ ഒഴിവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. അഭിമുഖം ജൂൺ ഒന്നിന് രാവിലെ 10ന് സ്കൂൾ ഓഫിസിൽ. ഉദ്യോഗാർഥികൾ യോഗ്യത സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്. ഫോൺ 097463 16158.

പഞ്ചായത്ത് ഓഫിസിൽ ജീവനക്കാരുടെ കുറവ്; ഒഴിവുകൾ നികത്താൻ നടപടി

ബദിയടുക്ക: പഞ്ചായത്ത് ഓഫിസിലെ ജീവനക്കാരുടെ ഒഴിവ് നികത്താൻ നടപടി. തെരഞ്ഞടുപ്പ് പെരുമാറ്റച്ചട്ടം കഴിയുന്ന മുറക്ക് നിയമനം നടക്കുമെന്ന് തദ്ദേശ വകുപ്പിന്റെ മറുപടി കത്ത് ലഭിച്ചു.

പഞ്ചായത്ത് വെൽഫെയർ സ്ഥിരംസമിതി ചെയർമാൻ രവികുമാർ റൈ നവകേരള സദസ്സിൽ നൽകിയ അപേക്ഷക്ക് തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ മറുപടിയിലാണ് നിയമനം നടക്കുമെന്ന് ഉറപ്പ് നൽകിയത്. അസിസ്റ്റന്റ് എൻജിനീയർ, സീനിയർ ക്ലർക്ക് എന്നിവരെ നിയമിക്കണമെന്നാവശ്യപ്പെട്ട് സമരം നടത്തിയിരുന്നു. ഒഴിവുമൂലം സെക്രട്ടറി ഉൾപ്പെടെയുള്ള മറ്റു ജീവനക്കാർ അമിതജോലി ചെയ്യേണ്ട സ്ഥിതിയാണ് നിലവിലുള്ളത്.

ഉദ്യോഗസ്ഥർ ഇല്ല: ഭരണസമിതി അംഗങ്ങൾ ഓഫിസിന് സമാന്തര പൂട്ടിട്ടു

madhyamam impact

എൻജിനീയറുടെ ഒഴിവ് മൂലം പഞ്ചായത്തിന്റെ പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ വന്നതും രവികുമാർ കത്തിൽ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. രൂക്ഷമായ പ്രശ്നവും ജനങ്ങളുടെ ബുദ്ധിമുട്ടും കഴിഞ്ഞ നവംബർ ഏഴിന് മാധ്യമം റിപ്പോർട്ട് ചെയ്തിരുന്നു.

ദീർഘദൂര ട്രെയിനുകളുടെ വൈകിയോട്ടം

ഹ്രസ്വദൂര യാത്രക്കാർ ദുരിതത്തിൽ

മൊഗ്രാൽ: ദീർഘദൂര തീവണ്ടികളുടെ വൈകിയോട്ടം പതിവായതോടെ ഹ്രസ്വദൂര യാത്രക്കാർ ദുരിതത്തിൽ. 22150 - പൂണെ -എറണാകുളം സൂപ്പർഫാസ്റ്റ് എക്സ്പ്രസ് തിങ്കളാഴ്ച കാസർകോട് എത്തിയത് ഉച്ചക്ക് 2.30ന്, എത്തേണ്ടിയിരുന്നത് രാവിലെ 11.30ന്.

ദീർഘദൂര ട്രെയിനുകളുടെ പലതിന്റെയും ഇപ്പോഴത്തെ അവസ്ഥയാണിത്. മിക്ക വണ്ടികളും മണിക്കൂറുകളോളമാണ് വൈകിയോടുന്നത്.

വന്ദേ ഭാരത് പോലുള്ള ട്രെയിനുകളും ഓടാൻ തുടങ്ങിയത് മുതലാണ് സാധാരണക്കാർ ആശ്രയിക്കുന്ന ട്രെയിനുകൾക്ക് ഈ ഗതി വന്നത്. യാത്രക്കാരുടെ പരാതി കേൾക്കാൻ റെയിൽവേ മന്ത്രാലയത്തിന് താൽപര്യവുമില്ല.

അവർക്ക് വേണ്ടത് കൂടുതൽ തുക ഈടാക്കിയുള്ള വന്ദേ ഭാരത് പോലുള്ള ട്രെയിനുകളും കൂടുതൽ വരുമാനവുമാണ്. ഇത് വിജയകരമാണെന്ന് റെയിൽവേ മന്ത്രാലയം കണ്ടെത്തുകയും ചെയ്തു.

കാലക്രമേണ സാധാരണക്കാരുടെ വണ്ടികളെ ഒഴിവാക്കി കൂടുതൽ വരുമാനം ലഭിക്കാവുന്ന വേഗത കൂടിയ വണ്ടികൾ കടന്നുവരുന്നതോടെ സാധാരണക്കാരന്റെ ട്രെയിൻ യാത്ര പരിമിതപ്പെടുമോയെന്ന ആശങ്ക പടരുന്നു.

പൂണെ- എറണാകുളം സൂപ്പർഫാസ്റ്റ് എക്സ്പ്രസ് മഹാരാഷ്ട്ര-കർണാടക ബോർഡറിലെ റെയിൽവേ സ്റ്റേഷനിൽ ക്രോസിങ്ങിനായി നിർത്തിയിട്ടപ്പോൾ

മന്നൻപുറത്തു കാവിൽ ഉത്സവം ഒന്നു മുതൽ

നീലേശ്വരം: നീലേശ്വരം മന്നൻപുറത്തു കാവിൽ കലശ മഹോത്സവം ജൂൺ ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ നടക്കും. ജൂൺ ഒന്നിന് അകത്തെ കലശവും രണ്ടിന് പുറത്തെ കലശവും മൂന്നിന് കലശചന്തയുമാണ് നടക്കുക. കെ.സി. മാനവരാജയുടെ സാന്നിധ്യത്തിൽ മോഹനൻ ജോത്സ്യരാണ് കലശ തീയതി കുറിച്ചത്. മൈലിട്ട തറവാട്ടിലെ പ്രതിനിധിയായി ചന്ദ്രൻ നവോദയയും എറുവാട്ട് തറവാട്ടു പ്രതിനിധിയായി എറുവാട്ട് വിജയനും ചടങ്ങിൽ സംബന്ധിച്ചു. ആയിരങ്ങൾ സാക്ഷിയാകുന്ന കലശം സമാപിക്കുന്നതോടെ മലബാറിലെ തെയ്യാട്ട കാലങ്ങൾ അവസാനിക്കും.

ചന്ദനത്തൈലം വെള്ളമായ സംഭവം; കുമാരൻ നടത്തിയ പോരാട്ടത്തിന്റെ വിധി മൂന്നിന്

സർഗം വിജയൻ

നീലേശ്വരം: പൊലീസ് പിടികൂടിയ ചന്ദനത്തൈലം സ്റ്റേഷനിൽവെച്ച് വെള്ളമായ സംഭവത്തിൽ പിരിച്ചുവിട്ട പൊലീസുകാരൻ മൂന്നു പതിറ്റാണ്ടായി നടത്തിയ പോരാട്ടത്തിന്റെ വിധി ജൂൺ മൂന്നിന് ഹൈകോടതിയിൽ. നീലേശ്വരം പള്ളിക്കരയിലെ വാഴവളപ്പിൽ കുമാരനാണ് വിധി കാത്തിരിക്കുന്നത്. 1993ഏപ്രിൽ 16നാണ് കാസർകോട് ടൗൺ പൊലീസ് സ്റ്റേഷനിൽ സംഭവം നടന്നത്. അന്ന് വി.വി. കുമാരൻ ഈ സ്റ്റേഷനിൽ പൊലീസ് കോൺസ്റ്റബിളായിരുന്നു.

അന്ന് കുമാരന് പാറാവ് ഡ്യൂട്ടിയായിരുന്നു. കാസർകോട്ടെ ഒരു ഉന്നത വ്യക്തിയുടെ വീട്ടിൽ അനധികൃതമായി സൂക്ഷിച്ച ഒരു ബാരൽ ചന്ദനത്തൈലം ടൗൺ സ്റ്റേഷൻ എസ്.ഐ. പിടികൂടി. ബാരൽ സ്റ്റേഷനിൽ എത്തിച്ച് ലോക്കപ്പ് മുറിയിൽ സൂക്ഷിച്ചു. എന്നാൽ, പിറ്റേ ദിവസം ചന്ദനത്തൈലം വെള്ളമായി മാറിയതോടെ സംഭവം വിവാദമായി. ഇതിന് പിന്നിൽ കുമാരനും മറ്റു ഉദ്യോഗസ്ഥരുമാണെന്ന് അന്വേഷണ റിപ്പോർട്ടിൽ എഴുതിച്ചേർത്തു. തുടർന്ന് 1993 ഏപ്രിൽ 18ന് കുമാരനെ സർവിസിൽ നിന്ന് പിരിച്ചുവിട്ടു. അന്ന് ജി.ഡി. ചാർജുണ്ടായിരുന്ന കുഞ്ഞിക്കോരൻ, ദാമോദരൻ എന്നിവരെയും സർവിസിൽ നിന്ന് പിരിച്ചുവിട്ടിരുന്നു. താൻ മേലുദ്യോഗസ്ഥന്റെ ഉത്തരവ് അനുസരിക്കുക മാത്രമാണ് ചെയ്തതെന്ന് പറഞ്ഞിട്ടും അന്വേഷണ റിപ്പോർട്ട് തനിക്ക് എതിരായാണ് വന്നതെന്ന് കുമാരൻ പറഞ്ഞു.

വി.വി. കുമാരൻ

തുടർന്ന് പൊലീസ് സർവിസിൽ തിരിച്ചുകയറുന്നതിനായി ഇയാൾ നിയമ പോരാട്ടം ആരംഭിച്ചു. വർഷങ്ങൾക്കു ശേഷം സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ റിട്ട. ജസ്റ്റിസ് ടി.ആർ. രാമചന്ദ്രൻ കുമാരന് അനുകൂലമായി വിധി പുറപ്പെടുവിപ്പിച്ചു. കുമാരനെ പിരിച്ചുവിട്ടത് സർവിസ് ചട്ടലംഘനമാണെന്ന് വിധിയിൽ പറഞ്ഞു. 1993 മുതൽ 2016 വിധി വന്ന ദിവസം വരെയുള്ള ശമ്പളവും സ്ഥാനക്കയറ്റവും നൽകണമെന്ന് വിധിന്യായത്തിൽ പറഞ്ഞു. ഇതിനെതിരെ സർക്കാർ ഹൈകോടതിയെ സമീപിച്ചു. ഈ അപ്പീലിന്മേലാണ് ജൂൺ മൂന്നിന് വിധി വരുക. വലിയ പ്രതീക്ഷയോടെയാണ് കുമാരന്റെ കാത്തിരിപ്പ്. കുലിപ്പണിയെടുത്താണ് 63ാം വയസ്സിലും നീലേശ്വരം പള്ളിക്കരയിലെ വി.വി. കുമാരൻ നിയമ പോരാട്ടം നടത്തിയത്.

വിപണി

സ്വർണവില ഉയർന്നു

കോഴിക്കോട്: സംസ്ഥാനത്ത് സ്വർണവില ഉയർന്നു. പവന് 160 രൂപയാണ് കൂടിയത്. തങ്കത്തിന്റെ വിലയിൽ മാറ്റമില്ല. വെള്ളിക്ക് 2100 രൂപ കൂടി.

സ്വർണം	53480
തങ്കം	71900
വെള്ളി	95400
വെളിച്ചണ്ണ	15900
കൊപ്ര എടുത്തപടി	9750
കൊപ്ര റാസ്	9350
കൊപ്ര ദിൽപസന്ത്	9850
കൊപ്ര രാജപ്പൂർ	9900
കൊപ്ര ഉണ്ട	8500
പിണ്ണാക്ക് റോട്ടറി	2900
പിണ്ണാക്ക് എക്സ്പല്ലർ	2750
നാളികേര നാടൻ	
വടകര കൊട്ടത്തേങ്ങ	8500 9000
ചെറിയ കൊട്ടത്തേങ്ങ	8500 9000
വലിയ കൊട്ടത്തേങ്ങ	9500 11000
ചുടി കൊയിലാണ്ടി –1	9100
ചുടി കൊയിലാണ്ടി –2	8300
ചുടി ബേപ്പൂർ –1	6500
ചുടി ബേപ്പൂർ – 2	6000
കുരുമുളക് പുതിയത്	
നാടൻ	58500
ചേട്ടൻ	60000
വയനാടൻ	61000
ചുക്ക്	14000 17000
മഞ്ഞൾ	8000
അടയ്ക്ക പഴയത്	35000
അടയ്ക്ക പുതിയത്	29000 34000
ഏലം പച്ച	1050 1400
റബ്ബർ ആർ.എസ്.എസ് 4	18400
റബ്ബർ ആർ.എസ്.എസ് 5	16000
റബ്ബർ ഒട്ടുപാൽ	10500
ഉണക്ക കപ്പ	2570

കണ്ണൂർ

വെളിച്ചെണ്ണ	2,460
ബോക്സ്	1,560
കൊപ്ര	9,300
തേങ്ങ	2, 900
പിണ്ണാക്ക്	2,800
കുരുമുളക്	59,500
അടക്ക പുതിയത്	35,000
പഴയത്	36,000
പഞ്ചസാര	4100
വെല്ലം	4800-5100
ചുക്ക്	3300
കുറുവ	3900
പൊന്നി	4600
റോസ്	4600
ബോധന	3900
മൈദ	1960

കാസർകോട്

അരി എ.പി.എം	4350
മഹാലക്ഷ്മി	4350
സൂപ്പർഫൈൻ	6400
ആനമാർക്ക്	5650
ആദിശക്തി	4350
പഞ്ചസാര	4100
വെളിച്ചെണ്ണ (ബോക്സ്)	1600
മൈദ ചാക്ക്	1800
മുളക്	39000
പച്ചരി	3000
എള്ള് പിണ്ണാക്ക്	1700
അടക്ക പുതിയത്	31000 -37000
പഴയത്	37000 -43000
കുരുമുളക്	40000 -50000
കൊപ്ര	7500 -8400
തേങ്ങ പൊതിച്ചത്	2200 -3200

സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വിപണി വിവരങ്ങൾ അറിയാൻ

റബർ ബോർഡ് വില

കോട്ടയം	
ആർ.എസ്.എസ്–4	18800
ആർ.എസ്.എസ്–5	18450
ഐ.എസ്.എൻ.ആർ-20	16000
ലാറ്റക്സ് 60% drc)	13475

പാലിയേറ്റിവ് കെയർ ഓഫിസ് ഉദ്ഘാടനം

തളങ്കര: സാന്ത്വന പരിപാലന രംഗത്ത് പ്രവർത്തനങ്ങളുമായി നാലാം വർഷത്തിലേക്ക് കടക്കുന്ന തളങ്കര പാലിയേറ്റിവ് കെയറിന്റെ (ടി.പി.സി) ഓഫിസ് തെരുവത്ത് ഉബൈദ് റോഡിലെ തെരുവത്ത് ബിൽഡിങ്ങിൽ നഗരസഭ ചെയർമാൻ അബ്ബാസ് ബീഗം ഉദ്ഘാടനം ചെയ്തു. ടി.പി.സി ചെയർമാൻ ലുക്മാനുൽ ഹക്കീം അധ്യക്ഷത വഹിച്ചു. സഇൗദ് മൗലവി പ്രാർഥനക്ക് നേതൃത്വം നൽകി. വൈസ് ചെയർമാൻ ടി.എ. ഷാഫി പ്രവർത്തനങ്ങൾ വിശദീകരിച്ചു. നഗരസഭ മുൻ ചെയർമാൻ അഡ്വ. വി.എം. മുനീർ, സ്ഥിരംസമിതി കമ്മിറ്റി ചെയർമാൻ സഹീർ ആസിഫ്, വാർഡ് കൗൺസിലർ ആഫില ബഷീർ, കെ.എം. ഹനീഫ്, ടി.പി.സി വൈസ് ചെയർമാൻ കെ.എസ്. അൻവർ സാദത്ത്, ടി.പി.സി ജോ. സെക്രട്ടറി നാസർ പട്ടേൽ, കോഓഡിനേറ്റർ മമ്മി ബാങ്കോട് തുടങ്ങിയവർ സംസാരിച്ചു. ജനറൽ കൺവീനർ കെ.എ. മുഹമ്മദ് ബഷീർ സ്വാഗതവും ജോയന്റ് കൺവീനർ എൻ. കെ അമാനുല്ല നന്ദിയും പറഞ്ഞു.

പാലിയേറ്റിവ് കെയറിന്റെ ഓഫിസ് ഉദ്ഘാടനം നഗരസഭ ചെയർമാൻ അബ്ബാസ് ബീഗം നിർവഹിക്കുന്നു

പാക്കം അടുക്കാടുക്കം കൃഷ്ണൻ നായരുടെ 25ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി നിർമിച്ച സ്മൃതിമണ്ഡപം സമർപ്പണവും അനുസ്മരണ യോഗവും രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

ഇന്ത്യ ഭരിക്കുന്നവർക്ക് സമനില തെറ്റി –രാജ്മോഹൻ ഉണ്ണിത്താൻ എം.പി

പള്ളിക്കര: ഇന്ത്യ എന്ന ആശയത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവർ മഹാത്മാ ഗാന്ധിയുടെയും നെഹ്റുവിന്റെയും പേരുകൾ കേൾക്കുമ്പോൾ കലിതുള്ളുകയാണെന്ന് രാജ്മോഹൻ ഉണ്ണിത്താൻ. മോദിയുടേയും ബി.ജെ.പിയുടെയും വർഗീയ അജണ്ടകൾ നടപ്പാക്കാൻ തടസ്സമായി നിൽക്കുന്നത് സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ നേതാക്കളുടെ ഓർമകൾ രാജ്യത്ത് നിലനിൽക്കുന്നത് കൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു. പ്രമുഖ സ്വാതന്ത്ര്യസമര സേനാനി അടുക്കാടുക്കം കൃഷ്ണൻ നായരുടെ 25ാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി നിർമിച്ച സ്മൃതിമണ്ഡപം സമർപ്പിച്ച് നടന്ന അനുസ്മരണയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വാഗതസംഘം ചെയർമാൻ സുകുമാരൻ പൂച്ചക്കാട് അധ്യക്ഷത വഹിച്ചു. ഡി.സി.സി പ്രസിഡന്റ് പി.കെ. ഫൈസൽ അനുസ്മരണ പ്രഭാഷണം നടത്തി. കെ.പി.സി.സി മെംബർ ഹക്കിം കുന്നിൽ, ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് കെ.വി. ഭക്തവത്സലൻ, സംഘാടക സമിതി കൺവീനർ ടി. അശോകൻ നായർ, സാജിദ് മൗവ്വൽ, സത്യൻ പൂച്ചക്കാട്, രവീന്ദ്രൻ കരിച്ചേരി, എം.പി.എം. ഷാഫി, രാജേഷ് പള്ളിക്കര, യശോദ തച്ചങ്ങാട്, ദ്രസിന ധനഞ്ജയൻ, ചന്തുകുട്ടി പൊഴുതല, ചന്ദ്രൻ തച്ചങ്ങാട്, രത്നാകരൻ നമ്പ്യാർ, കുഞ്ഞിക്കണ്ണൻ കരിച്ചേരി, രാമചന്ദ്രൻ നായർ, രാമൻ മാസ്റ്റർ പാക്കം, മഹേഷ് തച്ചങ്ങാട്, കണ്ണൻ കരുവാക്കോട്, രാധാകൃഷ്ണൻ നമ്പ്യാർ, ശശിധരൻ ഏച്ചിക്കാട്ട് എന്നിവർ സംസാരിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിച്ചു.

ആവേശം വിതറി ജനമൈത്രി കപ്പ് ജില്ലതല ക്രിക്കറ്റ് ടൂർണമെന്റ്

ചെറുവത്തൂർ: ചന്തേര പൊലീസ് സ്റ്റേഷൻ ആതിഥ്യമരുളിയ ജനമൈത്രി കപ്പ് ജില്ലതല ക്രിക്കറ്റ് ടൂർണമെന്റ് കാലിക്കടവ് പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടന്നു. ജില്ലയിലെ നീലേശ്വരം, ചീമേനി, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട്, അമ്പലത്തറ, ബേക്കൽ, തൃക്കരിപ്പൂർ കോസ്റ്റൽ, ട്രാഫിക്, സ്പെഷൽ യൂനിറ്റ്, ആൽഫ കൺട്രോൾ, ആദൂർ, മേൽപറമ്പ്, ചന്തേര, കോസ്റ്റൽ കുമ്പള, ബദിയടുക്ക എന്നീ പൊലീസ് സ്റ്റേഷനുകളിലെ 16 ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു.

ചന്തേര പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ജി.പി. മനുരാജ് ഉദ്ഘാടനം ചെയ്തു. നോക്കൗട്ട് അടിസ്ഥാനത്തിൽ നടന്ന ടൂർണമെന്റിന്റെ ആദ്യപുളിൽ നിന്നും ഹോസ്ദുർഗ്, തൃക്കരിപ്പൂർ കോസ്റ്റൽ, വെള്ളരിക്കുണ്ട്, ബദിയടുക്ക തുടങ്ങിയ പൊലീസ് ടീമുകൾ അവസാന റൗണ്ടിലെത്തി.

ജില്ല ആസ്ഥാനത്തെ പൊലീസുകാർ ഉൾപ്പെടെ 176 കളിക്കാർ ടൂർണമെന്റിൽ പങ്കെടുക്കുന്നുണ്ട്. എസ്.ഐ സി.കെ. മുരളീധരൻ അധ്യക്ഷത വഹിച്ചു.

എസ്.ഐ ടി.വി. ചന്ദ്രൻ മുഖ്യാതിഥിയായി. എസ്.ഐ കെ. രാമചന്ദ്രൻ, എ.എസ്.ഐ പി.കെ. സുധീർകുമാർ എന്നിവർ സംസാരിച്ചു. പൊലീസ് സേനയിൽ 29 വർഷമായി സേവനം ചെയ്ത മുൻ വോളിബാൾ താരം കൂടിയായ കരിവെള്ളൂർ കൊഴുമ്മൽ സ്വദേശിയും ചന്തേര എസ്.ഐ.യുമായ ടി.വി. ചന്ദ്രന്റെ വിരമിക്കലിന് മുന്നോടിയായാണ് ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചത്.

ചന്തേര പൊലീസ് ഇൻസ്പെക്ടർ ജി.പി. മനുരാജ് കളിക്കാരുമായി പരിചയപ്പെടുന്നു

SOUTH INDIAN Bank
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ–ലേല വിൽപന നോട്ടീസ് [റൂൾ–8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ **1) M/s ഡെൽകോൺ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്,** മുല്ല മാൻഷൻ, പി.ബി. നമ്പർ.47, ഷാഹ്പൂർ, മാരുതി ക്ഷേത്രത്തിന് സമീപം, പോണ്ട, പനാജി, ഗോവ, ഇന്ത്യ–403401. കൂടാതെ 11/413, ചട്ടഞ്ചാൽ, തെക്കിൽ പിഒ, കാസർകോട്, കേരളം, ഇന്ത്യ–671541. ജാമ്യക്കാരായ: **2) ശ്രീമതി കദീജ അഹമ്മദ്,** W/o. പരേതനായ ടി.ഡി. അഹമ്മദ് മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, ചെങ്കള പി.ഒ., കാസർകോട്, കേരളം, ഇന്ത്യ–671541. **3) ശ്രീ ഹസ്സൻ ബസ്രി ടി.ഡി,** S/o പരേതനായ ടി.ഡി.അഹമ്മദ്, മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ.തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ–671541. **4) ശ്രീ ടി.ഡി.മുനീർ,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ–671541, **5) ശ്രീ. മുഹമ്മദ് ഷഫീഖ് ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, പി.ഒ.തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ–671541. **6) ശ്രീ. മുഹമ്മദ് നൗഫൽ ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, ഡെൽക്കോ ഹൗസ്, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ–671541. **7) ശ്രീ. കാദരിപാഷ ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ–671541. **8) ഫാത്തിമത്ത് തഫ്സീറ ടി.ഡി,** D/o പരേതനായ ടി.ഡി. അഹമ്മദ് മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ–671541

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ചെർക്കള ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെർക്കള ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 26.05.2024ന് കിട്ടുവാനുള്ള തുകയായ **16,20,68,873.16 (പതിനാറ് കോടി ഇരുപത് ലക്ഷത്തി അറുപത്തിയെട്ടായിരത്തി എണ്ണൂറ്റിയെഴുപത്തി മൂന്ന് രൂപ പതിനാറ് പൈസ മാത്രം)** കൂടാതെ തുടർന്നുള്ള പലിശയും മറ്റു ചിലവുകളും തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **20.06.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

ഐറ്റം നമ്പർ 1: **വസ്തു ഉടമയുടെ പേര്:** ശ്രീ ടി ഡി അഹമ്മദിന്റെ നിയമപരമായ അവകാശികൾ **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ റീസർവ്വെ നം. 255/1പിടി, ഉദുമ എസ്.ആർ.ഒ യിൽ 14